കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

നം.കെ.എസ്.എ-പികെഡി9/2298/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി: 29.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ എസ് എ-പികെഡി9/2298/16 തിയ്യതി: 29.12.2016

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപ ഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 7.10.16 വരെയുള്ള രശീതികളുടെ (രസീതി നം -11609101015 to 11609102456), പരിശോധനയും 30.9.16 വരെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും ഓഡിറ്റിൽ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| സ്ഥാപനം | കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് |
| വിസ്തീർണ്ണം | 58.24 ച.കീമി |
| ജനസംഖ്യ | 30369 |
| വാർഡുകളുടെ എണ്ണം | 19 |
| ആകെ ജീവനക്കാരുടെ എണ്ണം | 19 |
| സ്ഥിരം | 13 (3 vacant) |
| താൽക്കാലികം | 1 |
| കരാറടിസ്ഥാനത്തിൽ | 5 |
| ആകെ | 19 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.ഷീജ.വി.ആർ. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ/ശ്രീമതി .സീന ജോസഫ് - 1.4.15 മുതൽ 31.10.15 വരെ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി – 1-11-2015 മുതൽ 18-11-2015 വരെ

ശ്രീ.വി.കെ.ഷംസുദ്ദീൻ – 19.11.15 മുതൽ 31-3-16 വരെ

സെക്രട്ടറി

ശ്രീമതി. സിൽബി .കെ.എ
അസി.സെക്രട്ടറി( I/C) - 1.4.15 മുതൽ 24.07.15. വരെ

ശ്രീ.മുഹമ്മദ് ഷാഫി - 24.7.15 മുതൽ 30.11.15

ശ്രീ.ഇ.ഹരിദാസൻ - 1.12.15 മുതൽ 31.3.16 വരെ
(അസി.സെക്രട്ടറി( I/C))

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഗിരിജ.പി | 1-4-2015 മുതൽ 30-12-2015 വരെ |
| | ജയലക്ഷ്മി.സി.ആർ. | 31-12-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | ശ്രീമതി.ശ്രീലേഖ.പി | 1-4-2015 മുതൽ 19-12-2015 വരെ |
| | ശ്രീ.ആദർശ് അബ്രഹാം | 20-12-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സാറാമ്മ | 1-4-2015 മുതൽ 9-9-2015 വരെ |
| | ശ്രീമതി.കാർത്ത്യായിനി | 10-9-2015മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മുഹമ്മദ് സിനാൻ | 1-4-2015 മുതൽ 6-7-2015 വരെ |

| | | |
|---|---|---|
| | ശ്രീ.ഗ്രേഷ്യസ് രാജ്.ആർ.എസ് | 7-7-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ISM | ശ്രീ.കൃഷ്ണകുമാർ.എ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീ.സുനിൽരാജ് | 1-4-2015 മുതൽ 13-5-2015 വരെ |
| | ശ്രീമതി.നിഷ | 14-5-2015 മുതൽ 31-3-2016 വരെ |
| ഡയറി ഡവലപ്പ്മെന്റ് ഓഫീസർ | ശ്രീമതി.ദിവ്യ.പി | 1-4-2015 മുതൽ 31-3-2016 വരെ |
| എച്ച്.എം | ശ്രീ.വിജയകുമാർ | 1-4-2015 മുതൽ 31-3-2016 വരെ |
| അസി. സെക്രട്ടറി | ശ്രീമതി.സിൽബി.കെ.എ | 1-4-2015 മുതൽ 1.11.2015 വരെ |
| | ശ്രീ.ഇ.ഹരിദാസൻ | 1.11.2015 മുതൽ 31-3-2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | വരവ് | ചെലവ് |
|---|---|---|
| 28-2-2015 | 113133750 | 11570350 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 16.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 29903151

വരവ് - 50249478

ആകെ - 80152629

ചെലവ് - 60479175

നീക്കിബാക്കി – 19673454

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ അലോട്ട്മെന്റ് | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3965396 | 7365059 | | 11330455 | 11330455 | 0 | 0 |
| | Consolidated fund (allotment) | | 12372796 | 12372796 | 4322390 | 8050406 | 0 |
| വികസന ഫണ്ട് എസ്.സി.പി | 3247952 | | | 3247952 | 3247952 | | 0 |
| | Consolidated fund | | 8507093 | 8507093 | 4392323 | 4114770 | 0 |
| ടി.എസ്.പി | 408174 | | | 408174 | 408174 | | 0 |
| | | | 1340695 | 1340695 | 839990 | 500705 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 498963 | | | 498963 | 498963 | | 0 |
| | allotment | | 6550000 | 6550000 | 6149705 | 400295 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1252265 | | | 1252265 | 1252265 | | 0 |
| | | | 3914000 | 3356069 | 3356069 | 557931 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2856452 | | 2774972 | 5631424 | 5631424 | | 0 |
| | allotment | | 7601947 | 7601947 | 7573114 | 28833 | |
| പെർഫോമൻസ് ഗ്രാന്റ് | 152592 | | | 152592 | 152592 | | 0 |

(*) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. -

From SCP – 2056093

TSP - 7695

F.C - 5283679

KLGSDP- 17592

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 181 | 164 | - | 17 | 0.91 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 1475128 | 1041800 | 71% |
| വെറ്ററിനറി സർജൻ | 2 | 2 | 870000 | 550000 | 63% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 519142 | 502263 | 97% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 500000 | 100% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 735000 | 734400 | 100% |
| വി.ഇ.ഒ | 11 | 9 | 14380300 | 8178800 | 57% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 5681337 | 4422797 | 78% |
| സെക്രട്ടറി | 15 | 12 | 5194504 | 4689267 | 90% |
| എ.ഇ. | 118 | 111 | 19105752 | 17564036 | 92% |
| ഡയറി ഡവലപ്പ്മെന്റ് ഓഫീസർ | 1 | 1 | 300000 | 300000 | 100% |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 8340000 | 4766000 | 57% |
| എച്ച്.എം | 6 | 5 | 1627993 | 1564361 | 96% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3620679 | 2577581 | 1043098 | -(29%) |
| നികുതിയേതര വരവുകൾ | 274890 | 236990 | 37900 | -(14%) |
| മറ്റ് വരവുകൾ | 343195 | 120851 | 222344 | -(65%) |
| ആകെ | 4238764 | 2935422 | 1303342 | -(31%) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെ മടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6 | 6 | | |
| 2 | തൊഴിൽ രഹിത വേതനം | 16 | - | 16 | |
| 3 | വിധവാ പെൻഷൻ | 165 | 158 | 7 | |
| 4 | വികലാംഗ പെൻഷൻ | 12 | 11 | 1 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | - | |
| 6 | വാർദ്ധക്യകാല പെൻഷൻ | 722 | 658 | 64 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 9060 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 6.9.2016 – 7.9.2016 | 8/2016 | (2/16 വരെയുള്ള റിപ്പോർട്ട് | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | ലഭിച്ച) | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-3-2010 – 27-3-2010 | 2006-2007 | 28-4-10 | - |

# 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തുനികുതി കണക്കുകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൽ ബാലൻസ് ഷീറ്റിലെ വസ്തു നികുതി കുടിശ്ശിക (തൻവർഷം) ഡിമാന്റ് രജിസ്റ്ററിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിവിധ ബാങ്ക്/ ട്രഷറി ബാലൻസുകളും കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ വായ്പകൾ സ്ഥാവര ജംഗമ ആസ്തികൾ തുടങ്ങിയ ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള വിവിധ ചെലവുകൾ(ഗ്രാന്റ്) ട്രഷറിയിൽ നിന്നും റീകൺസിൽ ചെയ്ത് വാങ്ങിയിട്ടില്ല.

# 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി<br>കാഞ്ഞിരപ്പുഴ | 2015-16 ഒന്നും രണ്ടും അർധവർഷം |
| 2 | തിളക്കം ബ്യൂട്ടി പാർലർ, കാഞ്ഞിരപ്പുഴ | 2015-16 ഒന്നും രണ്ടും അർധവർഷം |

സ്ഥാപന തൊഴിൽ നികുതി നിയമാനുസൃതം ഡിമാൻറ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 വീട്ടുവാടക,സിസിഎ,ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്

തൊഴിൽ നികുതി -അർദ്ധവാർഷിക വരുമാനപത്രികകൾ പരിശോധിച്ചതിൽ

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി കണക്കാക്കിയതിൽ വീട്ടുവാടകബത്ത ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. 24-08-2005 ലെ പഞ്ചായത്ത് രാജ് ആക്ട് 1994/ sec.204 തൊഴിൽ നികുതി ഭേദഗതി പ്രകാരം വീട്ടുവാടക,സിസിഎ, ടിഎ എന്നിവ തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ നിയമാനുസരണം മാത്രം നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് അപേക്ഷ സെക്രട്ടറി സാക്ഷ്യപ്പെട്ടുത്തിയിട്ടില്ല

2015-16 വർഷത്തെ ഡി &ഒ ലൈസൻസിനുള്ള അപേക്ഷകളിൽ അപേക്ഷയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളൊന്നിലും ഒരു ദിവസത്തെ വിറ്റുവരവ് എത്ര രൂപ എന്ന കോളം പൂരിപ്പിച്ചിട്ടില്ല. അപേക്ഷകളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം എഴുതിചേർത്തിട്ടില്ല .കൂടാതെ അപേക്ഷകൾ സെക്രട്ടറി സാക്ഷ്യപ്പെട്ടുത്തിയിട്ടില്ല.

## 2-5 കെ.എസ്.ഇ.ബി ക്ക് നൽകിയ വാടക കെട്ടിടം - വാടക കുടിശ്ശിക നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം കെ.എസ്.ഇ.ബി യുടെ കാഞ്ഞിരപ്പുഴയിലെ ഓഫീസിനായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. 28.02.2012 ന് കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മണ്ണാർക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടിവ് എഞ്ചിനിയറും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം 14.06.2010 മുതൽ 3 വർഷത്തേക്ക് പഞ്ചായത്തിന്റെ കൈവശമുള്ള VI/297 നമ്പർ കെട്ടിടം കെ. എസ്.ഇ.ബി ക്ക് പ്രതിമാസം 5400 രൂപ നിരക്കിൽ വാടകക്കായി നൽകിയിട്ടുണ്ട്. ടി കരാർ പ്രകാരം 15.06.2013 ന് കരാർ കാലാവധി അവസാനിക്കുന്നതാണ്. എന്നാൽ ടി കാലാവധി അവസാനിച്ചിട്ട് 3 വർഷം കഴിഞ്ഞിട്ടും കെ. എസ്.ഇ.ബി ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ചു വരുന്നു.

ഈ കെട്ടിടത്തിന് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വാടക രജിസ്റ്റർ പ്രകാരം 15-10-2016 വരെക്കായി 16200/- രൂപ കെ. എസ്.ഇ.ബി വാടക കുടിശ്ശിക നൽകാനുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കുടിശ്ശിക വരുത്തിയ മാസം | വാടക നൽകേണ്ടിയിരുന്ന തിയതി | തുക |
|---|---|---|---|
| 1 | 09/2013 | 15-09-2013 | 5400 |
| 2 | 10/2013 | 15-10-2013 | 5400 |
| 3 | 11/2013 | 15-11-2013 | 5400 |
| | | ആകെ | 16200 |

2013-14 വർഷത്തെ കുടിശ്ശിക നിലനിൽക്കെ 2014-15 വർഷത്തെ വാടക ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. വാടക കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയും അതിന്റെ പിഴ പലിശയും ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികളും വാടക കരാർ പുതുക്കുന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 209 ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൽ നിന്നും പരസ്യ നികുതി ഈടാക്കാവുന്നതാണ്. റോഡരികിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകളിൽ നിന്നും നിലവിൽ നികുതിയൊന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല. പരസ്യ നികുതി ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ബഡ്ജറ്റിലും പരസ്യനികുതി വരവ് പ്രതീക്ഷിത വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ലേലം ചെയ്യുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. തനത് വരുമാനം കുറവായ പഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കി വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവനനിർമ്മാണത്തിന് അധിക ധനസഹായം - പദ്ധതി ഫണ്ടിന് 265000/- രൂപ നഷ്ടം

പ്രൊജക്ട് : ഭവന നിർമ്മാണം - ( വനിത ജനറൽ )

പ്രൊജക്ട് നം : 151 /2016

അടങ്കൽ തുക : 3375000 ( 27 x 125000/- )

നിർവ്വഹണം : വി.ഇ.ഒ

ഫണ്ട് : പ്ലാൻ ജനറൽ - 2686359/-

ധനകാര്യ കമ്മീഷൻ ഗ്രാൻറ് - 688641/-

ചെലവ് വിവരം :

| | ബിൽ നം / തിയതി | തുക |
|---|---|---|
| 1 | 7/15-16 / 19.01.16 | 600000 |
| 2 | 14/15-16 / 19.03.16 | 284045 |
| 3 | 15/15-16 / 19.03.16 | 1185955 |
| 4 | 20/15-16/20.03.16 | 171359 |
| 5 | 29/15-16/ 30.03.16 | 688641 |
| | ആകെ | 2930000 |

2015-16 വർഷത്തിൽ വി.ഇ.ഒ നിർവഹണം നടത്തിയ പ്രൊജക്ട് പ്രകാരം 22 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിഭാവനം ചെയ്ത സബ്സിഡി തുകയിൽ അധികരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് അംഗീകരിച്ച

പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് വീട് നിർമ്മാണത്തിനായി നൽകാവുന്ന സബ്സിഡി തുക 125000/- മാത്രമാണ്. എന്നാൽ 20 ഗുണഭോക്താക്കൾക്കും അനുവദനീയമായതിലും അധികം ധനസഹായം നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം സബ്സിഡി നൽകിയതിനാൽ പ്ലാൻ ഫണ്ടിന് 265000/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അനുവദനീയമായ ആകെ സബ്സിഡി | നൽകിയ സബ്സിഡി | | അധികം നൽകിയത് |
|---|---|---|---|---|---|
| | | | ഡി.ഡി നം | തുക | |
| 1 | സരോജിനി, പൊറ്റശ്ശേരി | | 357872/15.2.16 | 25000 | |
| | | | 258503/11.4.16 | 70000 | |
| | | | 258567/29.4.16 | 40000 | |
| | | 125000 | ആകെ | 135000 | 10000 |
| 2 | ബേബി. പൊറ്റശ്ശേരി | | 357873/15.2.16 | 50000 | |
| | | | 258504/13.4.16 | 70000 | |
| | | | 258568/29.4.16 | 20000 | |
| | | 125000 | | 140000 | 15000 |
| 3 | കല്യാണി, പൂഞ്ചോല | | 258505/8.4.16 | 70000 | |
| | | | 258569/29.4.16 | 60000 | |
| | | | 258627/18.7.16 | 20000 | |
| | | 125000 | | 150000 | 25000 |
| 4 | സുഹറ,കാഞ്ഞിരപ്പുഴ | | 357875/15.2.16 | 50000 | |
| | | | 258506/11.4.16 | 70000 | |
| | | | 258570/29.4.16 | 20000 | |
| | | | | 140000 | 15000 |
| 5 | ആസ്യ,കാഞ്ഞിരപ്പുഴ | | 357876/15.2.16 | 25000 | |
| | | | 258526/8.4.16 | 70000 | |
| | | | 258571/29.4.16 | 40000 | |
| | | 125000 | | 135000 | 10000 |
| 6 | പാത്തുട്ടി.എം, കാഞ്ഞിരപ്പുഴ | | 357877/15.2.16 | 50000 | |
| | | | 258527/8.4.16 | 70000 | |
| | | | 258572/29.4.16 | 20000 | |
| | | 125000 | | 140000 | 15000 |
| 7 | നബിസ, തൃക്കള്ളൂർ | | 357879/15.2.16 | 50000 | |
| | | | 258529/8.4.16 | 70000 | |

| | | | | | |
|---|---|---|---|---|---|
| | | | 258574/29.4.16 | 20000 | |
| | | 125000 | | 140000 | 15000 |
| 8 | ഖദീജ, തൃക്കള്ളൂർ | | 357880/15.2.16 | 50000 | |
| | | | 258513/8.4.16 | 70000 | |
| | | | 258575/29.4.16 | 20000 | |
| | | | | 140000 | 15000 |
| 9 | പാത്തുമ്മ,ചേലേങ്കര | | 357881/15.2.16 | 25000 | |
| | | | 258514/8.4.16 | 70000 | |
| | | | 258577/29.4.16 | 40000 | |
| | | 125000 | | 135000 | 10000 |
| 10 | സുജാത.പി.<br>ഇരുമ്പകചോല | | 357882/15.2.16 | 25000 | |
| | | | 357874/15.2.16 | 25000 | |
| | | | 258515/8.4.16 | 70000 | |
| | | | 258578/29.4.16 | 20000 | |
| | | 125000 | | 140000 | 15000 |
| 11 | തങ്കമണി,<br>തരിശ്ശിപ്പാടം | | 357883/15.2.16 | 50000 | |
| | | | 258516/8.4.16 | 70000 | |
| | | | 258579/26.4.16 | 30000 | |
| | | 125000 | | 150000 | 25000 |
| 12 | സുഹറ,<br>അക്കിയംപാടം | | 357884/15.2.16 | 50000 | |
| | | | 258522/8.4.16 | 70000 | |
| | | | 258580/29.4.16 | 20000 | |
| | | 125000 | | 140000 | 15000 |
| 13 | പാത്തുമ്മ,<br>വിയ്യകുറിശ്ശി | | 357888/15.2.16 | 50000 | |
| | | | 258523/8.4.16 | 70000 | |
| | | | 258581/29.4.16 | 20000 | |
| | | 125000 | | 140000 | 15000 |
| 14 | ലക്ഷ്മി, പൊറ്റശ്ശേരി | | 357885/15.2.16 | 25000 | |
| | | | 258524/8.4.16 | 70000 | |
| | | | 258582/29.4.16 | 40000 | |
| | | | 258634/19.7.16 | 15000 | |
| | | 125000 | | 150000 | 25000 |
| 15 | പാത്തുമ്മക്കുട്ടി,<br>വിയ്യകുറിശ്ശി | | 357886/17.2.16 | 25000 | |

| | | | | | |
|---|---|---|---|---|---|
| | | | 258525/8.4.16 | 70000 | |
| | | | 258583/29.4.16 | 40000 | |
| | | 125000 | | 135000 | 10000 |
| 16 | രാജമ്മ, പൊറ്റശ്ശേരി | | 258515/8.4.16 | 70000 | |
| | | | 258584/29.4.16 | 60000 | |
| | | | 258633/19.7.16 | 5000 | |
| | | 125000 | | 135000 | 10000 |
| 17 | ഖദീജ, കാഞ്ഞിരപ്പുഴ | | 258518/8.4.16 | 70000 | |
| | | | 258585/29.4.16 | 60000 | |
| | | 125000 | | 130000 | 5000 |
| 18 | തായു. പൊറ്റശ്ശേരി | | 258519/8.4.16 | 70000 | |
| | | | 258557/27.4.16 | 51359 | |
| | | | 258586/29.7.16 | 8641 | |
| | | 125000 | | 130000 | 5000 |
| 19 | പാറു, മുണ്ടകുന്ന് | | 258520/11.4.16 | 70000 | |
| | | | 258558/27.4.16 | 60000 | |
| | | 125000 | | 130000 | 5000 |
| 20 | മോളിമാത്യു, പൂഞ്ചോല | | 258521/8.4.16 | 70000 | |
| | | | 258559/27.4.16 | 60000 | |
| | | 125000 | | 130000 | 5000 |
| | ആകെ നഷ്ടം | | | | 265000 |

അനുവദനീയമായതിലും അധികം ധനസഹായം ഗുണഭോക്താക്കൾക്ക് നൽകിയതിനാൽ പദ്ധതി ഫണ്ടിന് നഷ്ടമായ തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാറിലേക്ക് ഒടുക്കേണ്ടതാണ്. ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സാധൂകരണം ലഭ്യമാക്കാമെന്ന മറുപടിയാണ് ലഭിച്ചത്. (ഓഡിറ്റ് അന്വേഷണം - 3/19.10.16)

## 3-2 തെരുവ് വിളക്കുകൾ -കരാറുകാരന് അധികം നൽകിയ 54632/- രൂപ നിരാകരിക്കുന്നു

പ്രൊജക്ട് - തെരുവ് വിളക്ക് റിപ്പയർ (175/16)

അടങ്കൽ -400000/-(തനത് ഫണ്ട്)

ചെലവ് - 380431

കരാറുകാരൻ - ശ്രീ. മുജീബ്. പി.കോട്ടപ്പുറം

ടെണ്ടർ തിയതി - 17.6.15

സെക്രട്ടറി നിർവഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയർ (175/16) പദ്ധതി പ്രകാരം ശ്രീ. മുജീബ്. പി.കോട്ടപ്പുറം എന്ന കരാറുകാരന് 2015-16 വർഷത്തെ തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവർത്തിക്ക് (സി.എഫ്.എല്ലിന് 159 രൂപയും ട്യൂബിന് 291 രൂപ നിരക്കിലും)താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| | ബിൽ നം | തുക |
|---|---|---|
| 1 | 327/11.8.15 | 29063 |
| 2 | 405/18.9.15 | 31845 |
| 3 | 439/30.9.15 | 34101 |
| 4 | 537/12.11.15 | 47080 |
| | total | 380431 |

കെ.എസ്.ഇ.ബി 2.11.15 ന് നൽകിയ സാക്ഷ്യപത്രം പ്രകാരം വിവിധ വാർഡുകളിൽ നടത്തിയ മെയിന്റനൻസ് പ്രവർത്തികളുടെ എണ്ണം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം പ്രകാരമുള്ള എണ്ണത്തേക്കാൾ കൂടുതൽ എണ്ണത്തിന് ഗ്രാമപഞ്ചായത്ത് റിപ്പയർ ചാർജ് നൽകിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തിയതി | സി.എഫ്.എൽ – എണ്ണം | | ട്യൂബ് -എണ്ണം | | SVL - എണ്ണം | |
|---|---|---|---|---|---|---|
| | ബിൽ പ്രകാരം (നൽകിയത്) | റിപ്പയർ ചെയ്തത് (കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം പ്രകാരം ) | ബിൽ പ്രകാരം (നൽകിയത്) | റിപ്പയർ ചെയ്തത് (കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം പ്രകാരം ) | (നൽകിയത്) | റിപ്പയർ ചെയ്തത് (കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം പ്രകാരം ) |
| 327/11.8.15 (1.8.15 വരെയുള്ള റിപ്പയർ) | 145 | 117 | 17 | 17 | 1 | 0 |
| 405/18.9.15 | 171 | 113 | 16 | 9 | | |
| 439/30.9.15 (28.9.15 വരെയുള്ളത്) | 216 | 66 | 20 | 3 | | |
| 537/12.11.15 (1.11.15 വരെയുള്ളത്) | 57 | - | - | | | |
| ആകെ | 589 | 296 | 53 | 29 | 1 | 0 |

യഥാർത്ഥത്തിൽ റിപ്പയർ ചെയ്തതിനേക്കാൾ അധികം എണ്ണത്തിന് റിപ്പയർ തുക നൽകിയതിനാൽ താഴെ പറയും പ്രകാരം 54632 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

<u>അധികം നൽകിയത്</u> - സി.എഫ്.എൽ - ( 589-296)x159 = 46587

- ട്യൂബ് - (53-29) x 291 = 6984

സോഡിയം വേപ്പർ ലാംമ്പ് -1061

ആകെ - 54632/-

കരാറുകാരന് അധികം നൽകിയ 54632/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പാമ്പൻതോട് എസ്.ടി.കോളനി റോഡ് പ്രവർത്തി - ഫൈൻ ഈടാക്കിയിട്ടില്ല

പ്രൊജക്റ്റ് നം. – (30/15, 79/16)

അടങ്കൽ - 150000/-(പ്ലാൻ -ടി.എസ്.പി)

കരാറുകാരൻ - ശ്രീ.വേണുഗോപാൽ

പി.എ.സി - 149438/-

എഗ്രിമെന്റ് - 84/6.3.15

പ്രവർത്തി പൂർത്തീകരിക്കേണ്ട തിയതി - 31.3.15

പ്രവർത്തി പൂർത്തീകരിച്ച തിയതി - 29.7.15

അളവ് പുസ്തകം - 11/14-15

ചെലവ് - ബിൽ നം - 22/19.12.15 – 149688/-

മരാമത്ത് പ്രവൃത്തികളിലെ എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്ന് സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ. 31.3.15 നകം പൂർത്തീകരിക്കേണ്ട പാമ്പൻതോട് എസ്.ടി.കോളനി റോഡ് പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 6.7.15 മുതൽ 29.7.15 വരെയാണ് പ്രവർത്തി നടന്നിട്ടുള്ളത്. പ്രവൃത്തിയുടെ ബില്ലിൽ നിന്നും നിബന്ധനപ്രകാരമുള്ള പിഴ ഈടാക്കിയിട്ടമില്ല.

ഈടാക്കേണ്ട പിഴ – 7.4.15 മുതൽ 6.7.15 വരെ - 149438 x 1% =1494

7.7.15 മുതൽ 29.7.15 – 149438x2% x 23/90 =764

ആകെ - 2258/-

ഫൈനായി ഈടാക്കേണ്ട 2258/- രൂപ കരാറുകാരനിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനായ എ.ഇ.യിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 അമ്പലവട്ട കോളനി കോൺക്രീറ്റ് - ചട്ടങ്ങൾ പാലിക്കാതെ കരാർ നൽകി

അമ്പലവട്ട കോളനി കോൺക്രീറ്റ് (58/16)

അടങ്കൽ - 100000/- (SCP)

കരാറുകാരൻ - ശ്രീ. വേണുഗോപാൽ

ടെണ്ടർ തിയതി - 21.8.15

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതും ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വയ്ക്കാത്തപക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടുകെട്ടേണ്ടതാണ്. അമ്പലവട്ട കോളനി കോൺക്രീറ്റ് പ്രവൃത്തിക്കുവേണ്ടി 21.9.15 നകം കരാർ വയ്ക്കുവാൻ സെലക്ഷൻ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്നു.മൂന്ന് മാസത്തിന് ശേഷം 15.12.15 നാണ് എഗ്രിമെന്റ് വച്ചത്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ കരാർ റദ്ദാക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റ് വെയ്ക്കുവാൻ കാലതാമസം വരുത്തിയതിന് ഈടാക്കേണ്ട നിയമാനുസൃത ഫൈൻ (1000/-)ഈടാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ 1000 രൂപ കരാറുകാരനിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനായ എ.ഇയിൽ നിന്നോ ഈടാക്കേണ്ടതാണ്. ഭാവിയിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുമാത്രം കരാർ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-5 സിംഗിൾ ടെണ്ടർ അംഗീകരിച്ച നടപടി നിയമാനുസൃതമല്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുമ്പോൾ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകേണ്ടതാണെന്നും ദീർഘിപ്പിച്ച് നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്ന് സ.ഉ(പി)നം. 324/15/ഫിൻ തിയതി 3-7-2015 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും നിബന്ധനയുണ്ട്. എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ2015-16 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് ലഭ്യമായ സിംഗിൾ ടെണ്ടറുകൾ ആദ്യ ഘട്ടത്തിൽ തന്നെ പരിഗണിക്കുകയും ടെണ്ടർ ഉറപ്പിച്ചു നൽകുകകയും ചെയ്തു. ടെണ്ടർ നടപടികൾ സുതാര്യമായും സർക്കാർ ഉത്തരവുകളും നിയമവും അനുശാസിക്കുന്ന രീതിയിലും മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അടങ്കൽ, ടെണ്ടർ നിരക്ക് | ചെലവ് | ബിൽ നം. / തിയതി |
|---|---|---|---|---|
| 1 | 53/16-ചിറക്കൽപടി കുന്നംപുറം റോഡ് ടാറിംഗ് | 350000<br>0.1% കുറവ് | 349650 | 60/27-2-2016 |

| | | | | |
|---|---|---|---|---|
| | ടെണ്ടർ തിയതി - 21-8-2015<br><br>കരാറുകാരൻ - ശ്രീ. എം.വിശ്വനാഥൻ | | | |
| 2 | കൈപ്പക്കുഴി റോഡ് ടാറിംഗ് (55/16)<br><br>ടെണ്ടർ തിയതി - 21-8-2015<br><br>കരാറുകാരൻ - ശ്രീ. അബൂബക്കർ സിദ്ദിഖ് | 200000<br><br>0.01% കുറവ് | 199980 | 92/3.16 |
| 3 | ചിറക്കൽ കുന്നംപുറം റോഡ് ടാറിംഗ്<br><br>ടെണ്ടർ തിയതി - 21-8-2015<br><br>കരാറുകാരൻ - ശ്രീ. കോയക്കുട്ടി | 350000<br><br>0.01% കുറവ് | 349965 | 94/24.3.16 |
| 4 | അമ്പാഴക്കോട് കോളനി ഒപ്പത്ത് റോഡ് ടാറിംഗ്<br><br>(54/16)<br><br>ടെണ്ടർ തിയതി - 21-8-2015<br><br>കരാറുകാരൻ - ശ്രീ. ഗോവിന്ദൻ കുട്ടി | 350000/-<br><br>0.05% കുറവ് | 349825 | 63/27.2.16 |
| 5 | കാഞ്ഞിരംചോല സൈഡ് കെട്ടൽ<br><br>ടെണ്ടർ തിയതി - 21-8-2015<br><br>കരാറുകാരൻ - ശ്രീ. ഇസാഖ് | 150000/-<br><br>0.01% കുറവ് | 150000 | 48/27.1.16 |
| 6 | അമ്പലവട്ട കോളനി റോഡ് (58/16)<br><br>ടെണ്ടർ തിയതി - 21-8-2015<br><br>കരാറുകാരൻ - ശ്രീ. വേണുഗോപാൽ | 100000<br><br>0.1% കുറവ് | 99900 | 56/29.2.16 |

## 3-6 മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് ഫോർമേഷൻ നടത്തുന്നത് ക്രമപ്രകാരമല്ല.

സർക്കുലർ നം. 68/228/എഫ്.എം.1/12 തിയതി 28-11-2012 പ്രകാരം കൈമാറിക്കിട്ടിയ എല്ലാ റോഡുകളുടേയും അറ്റകുറ്റപണികൾ നടത്തിയ ശേഷവും മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രമേ മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകൾക്കൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷം ആയിരിക്കണം ഇപ്രകാരം മെയ്ന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നത്. എന്നാൽ 2015-16വർഷം ഈ നിർദ്ദേശം പാലിക്കാതെ പുതിയ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് (സോളിംഗ് മുതലുള്ള )മെയ്ന്റനൻസ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട് .

ഉദാ :1.ശിവക്ഷേത്രം മുൻവശം റോഡ് സോളിംഗ് (125/16).

2. കേശവപുരം അ മ്പലം റോഡ് ടാറിംഗ് (29/16)- സോളിംഗ് മുതൽ ടാറിംഗ് വരെയുള്ള പ്രവർത്തികൾ ചെയ്തു.

3. കണിവായ് റോഡ് ടാറിംഗ് (35/16) -സോളിംഗ് മുതൽ ടാറിംഗ് വരെയുള്ള പ്രവർത്തികൾ ചെയ്തു.

മെയിന്റനൻസ് ഫണ്ട് പുതിയ റോഡ് നിർമ്മാണത്തിനായി വകമാറ്റി ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ

സൂക്ഷിച്ചിട്ടില്ല. കൺവീനർമാർ കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ പല കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ആവശ്യമായതിൽ അധികം സിമന്റ് വാങ്ങിയതായി കാണിച്ചുകൊണ്ടുള്ള ബില്ലുകളാണ് കൺവീനർമാർ ഹാജരാക്കിയിരിക്കുന്നത്. കൺവീനർമാർ ആരുംതന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃ സമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. കൂടാതെ കരാർ വ്യവസ്ഥ 2. പ്രകാരം "പ്രവൃത്തി മുഴുവനായോ ഭാഗികമായോ യാതൊരു കരാറുകാരനെയോ കരാറുകാരെയോ കരാർ കമ്പനിയേയോ ബിനാമിയേയോ ഏൽപ്പിക്കാവുന്നതല്ല". ഫയൽ പരിശോധിച്ചതിൽ കൺവീനർമാർ പ്രവർത്തികൾ സബ്കോൺട്രാക്ട് നൽകിയതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. മെറ്റീരിയൽ വാങ്ങിയതിന്റെ ഹാൻഡ് രസീതിയും പ്രവർത്തി സബ്കോൺട്രാക്ട് നൽകിയതിന്റെ രേഖയുമാണ് കൺവീനർ സമർപ്പിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

ഉത്തരവ് നം. (എം.എസ്) 42/99/പ്ലാനിങ്ങ് - ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ നിർവ്വഹണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല.കൂടാതെ പ്രവൃത്തികളുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസോ, സെക്യേർഡ് അഡ്വാൻസോ അനുവദിക്കുന്നില്ല.

ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല.(ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവർത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവർത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല.വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല.

കരാർ വ്യവസ്ഥ പ്രകാരം "പ്രവൃത്തി മുഴുവനായോ ഭാഗികമായോ യാതൊരു കരാറുകാരനെയോ കരാറുകാരെയോ കരാർ കമ്പനിയേയോ ബിനാമിയേയോ ഏൽപ്പിക്കാവുന്നതല്ല". എന്നാൽ പല പ്രവർത്തികളിലും കൺവീനർ പ്രവർത്തി കൾ കരാറുകാരന് നൽകിയതായി കരാറുകാരൻ നൽകിയ രസീതികളിൽ കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. നരിയംകോട് റോഡ് റീടാറിംഗ്-(44/16) -റീടാറിംഗ് പ്രവൃത്തി ചെയ്തതിന് m2 ന് 180 രൂപ നിരക്കിൽ കൺവീനർ ശ്രീ. മൊയ്തീനിൽ നിന്നും 140400/- രൂപ കൈപ്പറ്റിയതായി ശ്രീ. മൂർത്തിയുടെ രസീതി സമർപ്പിച്ചിട്ടുണ്ട്.ക്വട്ടേഷൻ രേഖകൾ സമർപ്പിച്ചിട്ടില്ല)
2.നരിയംകോട് പഞ്ചായത്ത് കിണർ റിപ്പയർ- (135/16)- കിണർ താഴ്ത്തി റിംഗ് ഇറക്കുന്ന പ്രവർത്തിക്ക് ഒരു റിംഗിന് 4500/- രൂപ നിരക്കിൽ 81000/- രൂപ കൺവീനറിൽ നിന്നും ലഭിച്ചു എന്ന് മണി- എന്ന്

രേഖപ്പെടുത്തിയ രസീതിയും സിമന്റ് ബില്ലുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

സാങ്കേതിക വൈദഗ്ദ്യം പൂർണ്ണമായും ആവശ്യമുള്ള പ്രവർത്തികൾ കൺവീനർമാരെ ഏൽപ്പിക്കുകയും മെറ്റീരിയൽ പർച്ചേസ് മാത്രം ഗുണഭോക്തൃസമിതി നടത്തുകയും പ്രവൃത്തി കോൺട്രാക്ടർ മുഖേന നിർവ്വഹിക്കുകയും ചെയ്യുന്നത് ആശാസ്യമല്ല. ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത പ്രവർത്തികൾ സമിതിയെ ഏൽപ്പിക്കുകയും സമിതി മറ്റു കരാറുകാർക്ക് സബ്കോൺട്രാക്ട് നൽകുകയും ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. പ്രവർത്തികൾ നേരിട്ട് നടപ്പിലാക്കാൻ സാങ്കേതികപരിജ്ഞാനവും സംവിധാനവും ഉള്ള കൺവീനർമാരെ പദ്ധതികൾ ഏർപ്പിക്കുകയോ അല്ലാത്തപക്ഷം ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 3-8 മരാമത്ത് പ്രവർത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

1. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല

സ.ഉ(പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2014-15 വർഷത്തിൽ ടെണ്ടർ ഏറ്റെടുത്ത കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യം പരിഗണിച്ച് മാത്രം കരാർ ചമക്കേണ്ടതാണ്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പാലിക്കുന്നില്ല

ചട്ടം 7 – എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം.

ചട്ടം 17- മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം.
മേൽ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-9 എ.ബി.സി പ്രൊജക്ട് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്റ്റ് നം.- 182/16 (abc programme)

രശീതി നം:11624400018തിയതി :12/04/2016തുക-350000/-തനത് ഫണ്ട്

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'തെരുവ്

നായ്ക്കളുടെ വന്ധ്യംകരണം' എന്ന പദ്ധതിക്ക വേണ്ടി വെറ്ററിനറി സർജ്ജൻ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 350000/-രൂപ തിയതി 12/04/2016 സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 ബജറ്റ് - അവലോകനം

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ബജറ്റ് 28.2.15 ന് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റിൽ പ്രതീക്ഷിച്ച വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ താഴെ പറയും പ്രകാരം സാരമായ അന്തരമുണ്ട്. പ്രതീക്ഷിച്ച വരവിന്റെ 44 % മാത്രമാണ് യഥാർത്ഥ വരവ്.

| | | | |
|---|---|---|---|
| പ്രതീക്ഷിത വരവ് | 113133750 | പ്രതീക്ഷിത ചെലവ് | 11570350 |
| വരവ് (വാർഷിക കണക്കുകൾ പ്രകാരം) | 50249478 | ചെലവ് | 60479175 |
| വ്യത്യാസം | 62884272 | വ്യത്യാസം | 48908825 |

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നിർദേശങ്ങളൊന്നും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള നിർദേശങ്ങളും ബജറ്റിലില്ല. ബജറ്റിൽ നിർദേശിച്ചിരുന്നെങ്കിലും പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കൂടാതെ പ്രധാന നികുതി ഇനങ്ങളുടെ ബജറ്റിലെ വരവ് തൻവർഷത്തെ ഡിമാന്റിൽ നിന്നും വ്യത്യസ്തമാണ്.

| | ബജറ്റ് നിർദേശം | യഥാർത്ഥ ഡിമാന്റ് | കുറവ് |
|---|---|---|---|
| കെട്ടിടനികുതി | 1700000 | 1508925 | 191075 |
| തൊഴിൽ നികുതി | 1150000 | 949550 | 200450 |
| ഡി&ഒ ലൈസൻസ് | 35000 | 29250 | 5750 |

മുൻ വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളും നിലവിലെ സാഹചര്യങ്ങളും വിലയിരുത്തി കാര്യക്ഷമമായി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്)നം.71/2003/പ്ലാനിംഗ്/ 12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ

വരുത്തുകയുണ്ടായി. സ.ഉ (എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം. ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി അഗതി കുടുംബങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | 1st പ്രൊജക്ട് | 2nd പ്രൊജക്ട് |
|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 88 | 77 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 34 | - |
| നാളിതുവരെ ലഭിച്ചവർ | 34 | - |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 68 | - |
| നാളിതുവരെ ലഭിച്ചവർ | 68 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 5 | |
| നാളിതുവരെ ലഭിച്ചവർ | 1 | |

ആശ്രയ പദ്ധതിയുടെ തയ്യാറാക്കിയ ലിസ്റ്റിൽ 77 അഗതികളാണ് നിലവിൽ ഉള്ളത്. ഇവരുടെ കറന്റ്, കുടിവെള്ളം, തൊഴിൽ ഉപകരണം, കട്ടിലും ബെഡ്ഡും തുടങ്ങിയവയുടെ ആവശ്യകത സംബന്ധിച്ച വിവരം ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിക്കായി തുകയൊന്നും നൽകിയിട്ടില്ല. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നു വരുന്നുണ്ട്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 200000 | വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | 38700 | ഉഴവ് കൂലി | 38700 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | ആനകരണം എസ്.ടി. കോളനി സ്ട്രീറ്റ് മെയിൻ | 409/ 23.9.2015 | 175000 | 175000 | വിനി യോഗ വിവരം ലഭിച്ചിട്ടുണ്ട് | - |
| | പാമ്പൻ തോട് കോളനി സ്ട്രീറ്റ്മെയിൻ | 407/ 23.9.2015 | 50000 | 50000 | “ | |
| | കണിവായ് എസ്.ടി. കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 408/ 23.9.2015 | 100000 | 100000 | “ | |
| ജല അതോറിറ്റി | ലക്ഷംവീട് അമ്പലവട്ട കുടിവെള്ള പദ്ധതി | 621/ 8.12.15 | 100000 | - | | വിവരം ലഭ്യമല്ല |
| | കുടിവെള്ള പദ്ധതി- ലൈൻ എക്സ്റ്റൻഷൻ | 1052/ 29.3.16 | 1900000 | - | | വിവരം ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 .(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാ നവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| - ഒന്നുമില്ല - | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഒന്നുമില്ല –

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 52413/- രൂപ ഈടാക്കിയിട്ടുണ്ട്. ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1997-98 | 31-A | 1215 | ശ്രീ.ചിന്നകുട്ടൻ കൺവീനർ | 11509101651/ 3-9-2015 | Interest on Mobilisation advance |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 2713 | ശ്രീ.ഫ്രാൻസിസ് ജോസഫ്<br>വാർഡ് മെമ്പർ -13 | 11509101997/ 12-10-2015 | |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 4574 | ശ്രീ.ഫ്രാൻസിസ് ജോസഫ്<br>വാർഡ് മെമ്പർ -13 | 11509101997/ 12-10-2015 | |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 6356 | ശ്രീ.ഫ്രാൻസിസ് ജോസഫ്<br>വാർഡ് മെമ്പർ -13 | 11509101997/ 12-10-2015 | |
| 2010-11<br>2012-13 | 3-1<br>3-1 | 2713 | ശ്രീ.റെജിജോസ്<br>വാർഡ് മെമ്പർ -7 | 11509101987/ 12-10-2015 | |
| 2010-11<br>2012-13 | 3-1<br>3-1 | 6356 | ശ്രീ.റെജി ജോസ്<br>വാർഡ് മെമ്പർ -7 | 11509101987/ 12-10-2015 | |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 2713 | ശ്രീമതി.സതി രാമാനുജൻ<br>വാർഡ് മെമ്പർ -7 | 11509101989/ 12-10-2015 | |

| | | | | | |
|---|---|---|---|---|---|
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 4574 | ശ്രീമതി.സതി രാമാനുജൻ<br>വാർഡ് മെമ്പർ -7 | 11509101989/ 12-10-2015 | |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 6356 | ശ്രീമതി.സതി രാമാനുജൻ<br>വാർഡ് മെമ്പർ -7 | 11509101989/ 12-10-2015 | |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 2713 | ശ്രീ. രാജൻ<br>വാർഡ് മെമ്പർ -12 | 11509102121/ 14-10-2015 | |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 4574 | ശ്രീ. രാജൻ<br>വാർഡ് മെമ്പർ -12 | 11509102121/ 14-10-2015 | |
| 2010-11<br>2011-12<br>2012-13 | 3-1<br>3-4<br>3-1 | 6356 | ശ്രീ. രാജൻ<br>വാർഡ് മെമ്പർ -12 | 11509102121/ 14-10-2015 | |
| 2012-13 | 2-1(1) | 1200 | എച്ച്.എം | 11509103410/ 22-2-2016 | തൊഴിൽ നികുതി |
| ആകെ | | 52413 | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം /തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | C.A ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | പിഎച്ച്.സി. കാഞ്ഞിരപ്പുഴ | 2010 | ഇല്ല | | | ഇല്ല | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50249478 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60479175 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 322890 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 265000 | ശ്രീ.ആദർശ്, വി.ഇ.ഒ |
| 3-2 | 54632 | ശ്രീ.മുഹമ്മദ് ഷാഫി, സെക്രട്ടറി |
| 3-3 | 2258 | ശ്രീ. ഗ്രേഷ്യസ് രാജ്.ആർ.എസ്<br>എ.ഇ |
| 3-4 | 1000 | ശ്രീ. ഗ്രേഷ്യസ് രാജ്.ആർ.എസ്<br>എ.ഇ |
| ആകെ | 322890 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ആദർശ് അബ്രഹാം, വി.ഇ.ഒ | വി.ഇ.ഒ<br>കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | ചെമ്പന്തായിൽ ഹൗസ്, വാഴേമ്പുറം (പി.ഒ) മണ്ണാർക്കാട് 678595 |
| ശ്രീ. ഗ്രേഷ്യസ് രാജ് ആർ.എസ്.<br>എ.ഇ | | ചൈത്രം, അന്തിയൂർ കോണം, കൊല്ലോട്ട്(പി.ഒ) തിരുവനന്തപുരം 695571 |
| ശ്രീ.മുഹമ്മദ് ഷാഫി.കെ. സെക്രട്ടറി | സെക്രട്ടറി<br>തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് | കരപ്പാട്ട് ഹൗസ് അലനല്ലൂർ (പി.ഒ) പാലക്കാട് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97<br>(ചെലവ്) | എൽ.എഫ്.പി9-764/97തി.05-06-2000 | പുനരഭിപ്രായകുറിപ്പ് |
| 1996-97<br>(വരവ്) | എൽ.എഫ്.പി9-548/2007തി.28-07-2008 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി9-921/2002തി.07-01-2003 | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.പി9-1076/2008തി.13-10-2009 | പുനരഭിപ്രായകുറിപ്പ് |
| 1999-00 | -- | -- |
| 2000-01 | എൽ.എഫ്.പി9-2146/2011തി02-01-2011 | പുനരഭിപ്രായകുറിപ്പ് |
| 2001-02 | എൽ.എഫ്.പി9-834/2007തി.29-07-2008 | പുനരഭിപ്രായകുറിപ്പ് |
| 2002-03 | എൽ.എഫ്.പി9-448/2011തി.23-03-2011 | |
| 2003-04 | എൽ.എഫ്.പി9-216//2011തി.07-06-2011 | പുനരഭിപ്രായകുറിപ്പ് |
| 2004-05 | എൽ.എഫ്.പി9-862/2009തി.24-01-2011 | പുനരഭിപ്രായകുറിപ്പ് |
| 2005-06 & | എൽ.എഫ്.പി9-896/2010തി.15-09-2010 | പുനരഭിപ്രായകുറിപ്പ് |

| | | |
|---|---|---|
| 2006-07 | | |
| 2007-08 | എൽ.എഫ്.പി9-1256(1)/2012 തി 17-12-2012 | സർച്ചാർജ് ശുപാർശ |
| 2008-09 | എൽ.എഫ്.പി9-1253/2012തി 17-12-2012 | പുനരഭിപ്രായകുറിപ്പ് |
| 2009-10 & 2010-11 | എൽ.എഫ്.പി9-939/2013തി 23-11-2013 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി9-247/2014 തി.19-03-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി9-2259/2014 തി. 05-02-2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14,2014-15 | നം.കെ.എസ്.എ .പി.കെ..ഡി-9/1144/216/ 2-8-2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി9/2298/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി - 29.12.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. ബാലൻസ് ഷീറ്റിലെ വസ്തു നികുതി കുടിശ്ശിക (തൻവർഷം) ഡിമാന്റ് രജിസ്റ്ററിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
2. വിവിധ ബാങ്ക്/ ട്രഷറി ബാലൻസുകളും കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ വായ്പകൾ സ്ഥാവര ജംഗമ ആസ്തികൾ തുടങ്ങിയ ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD9/2298/16

Kerala State Audit Department

District Audit Office,Palakkad

Date – 29-12-2016

## Audit Certificate

Certified that I have audited the Annual Financial Statement of Kanjirapuzha Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kanjirapuzha Gramapanchayat for the year 2015-16 except the defects specified in the Annexure of this Certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. property tax Arrear in balance sheet does not match with demand register
2. Asset value not ascertained properly and included in Balance Sheet.

Deputy Director

-

-

-